REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-05-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മാധ്യസ്ഥ നിയമപ്രകാരം തർക്ക പരിഹാര സംവിധാനം ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **വേവ്സ് ഉച്ചകോടിക്ക് ഇന്ന് മുംബൈയിൽ സമാപനം.**
- **സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി മൂന്നര ലക്ഷം പദ്ധതികൾ സംസ്ഥാനത്ത് ആരംഭിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഈ വർഷത്തെ NEET-UG പ്രവേശന പരീക്ഷ ഇന്ന്.**
- **കലിംഗ സൂപ്പർ കപ്പ് ഫുട്ബോൾ കിരീടം FC ഗോവക്ക്.**
- **ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ഇന്ന് ബീഹാറിൽ തുടക്കമാവും.**

## വാർത്തകൾ വിശദമായി

ഗ്രാമങ്ങളിലെ സംഘർഷങ്ങൾ പരിഹരിക്കുന്നതിനും മധ്യസ്ഥത വഹിക്കുന്നതിനും പഞ്ചായത്തുകൾക്ക് നിയമപരമായി അധികാരം ലഭിക്കുന്നതിനായി മാധ്യസ്ഥ നിയമപ്രകാരം തർക്ക പരിഹാര സംവിധാനം ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. നീതി നടപ്പാക്കുന്നതിൽ മധ്യസ്ഥതയ്ക്ക് വലിയ പ്രധാന്യമുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. മധ്യസ്ഥതയുടെ സ്വാധീനവും ഫലപ്രാപ്തിയും എന്ന പ്രമേയത്തിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ദേശീയ മധ്യസ്ഥതാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി.

പരിഗണന അർഹിക്കുന്ന പ്രത്യേക കേസുകൾ ഉൾപ്പെടെ എല്ലാ കേസുകളിലും അതിവേഗ നീതി നിർവ്വഹണം നടത്താൻ മധ്യസ്ഥതയ്ക്ക് കഴിയുമെന്നും അവർ വ്യക്തമാക്കി. 2047-ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പ്രധാന മാർഗ്ഗമാണ് മധ്യസ്ഥതയെന്നും രാഷ്ട്രപതി പറഞ്ഞു. സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സഞ്ജീവ് ഖന്ന, കേന്ദ്രമന്ത്രി അർജ്ജുൻ റാം മേഘ്‌വാൾ എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

✪✪✪

എല്ലാ ആഫ്രിക്കൻ രാജ്യങ്ങളുമായും പ്രയോജനകരവും സുസ്ഥിരവുമായ പരസ്പര പങ്കാളിത്തത്തിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. രാഷ്ട്രപതി ഭവനിൽ അങ്കോള പ്രസിഡന്റ് ജോവോ ലോറെൻകോയെക്ക് നൽകിയ വിരുന്നിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. അംഗോള ഉൾപ്പെടെ ആഫ്രിക്കൻ രാജ്യങ്ങളുമായി ഇന്ത്യ പ്രത്യേക സൗഹൃദം പങ്കിടുന്നുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. ആഫ്രിക്കയിൽ സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ അങ്കോള വഹിച്ച പങ്കിനെ ദ്രൗപതി മുർമു അഭിനന്ദിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ജമ്മുകശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുല്ല ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പഹൽഗാം ഭീകരാക്രമണവുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ ഇരുവരും ചർച്ചചെയ്തു. പഹൽഗാം ഭീകരാക്രമണത്തിനു ശേഷം ആദ്യമായാണ് ഇരുവരും കൂടിക്കാഴ്ച നടത്തുന്നത്.

✪✪✪

വേവ്സ് ഉച്ചകോടി ഇന്ന് മുംബൈയിൽ സമാപിക്കും. എട്ടാമത് ദേശീയ കമ്മ്യൂണിറ്റി റേഡിയോ സമ്മേളനത്തിന് ഇന്നലെ വേവ്സ് ഉച്ചകോടി സാക്ഷ്യം വഹിച്ചു.

കോഴിക്കോട് ആകാശവാണിയിൽ നിന്ന് വേവ്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്ന ഫഹദ് റാസയുടെ റിപ്പോർട്ട്.

....(വോയ്സ്)...........

✪✪✪

ഒളിമ്പിക്സിലും കോമൺവെൽത്ത് ഗെയിംസിലും ഇന്ത്യയുടെ തദ്ദേശീയ കായിക ഇനങ്ങളെ ഉൾപ്പെടുത്തി ആഗോളതലത്തിൽ ജനപ്രിയമാക്കുന്നതിന് ഗവൺമെന്റ് ശ്രമം നടത്തുന്നുണ്ടെന്ന് കേന്ദ്രസഹമന്ത്രി രക്ഷാ ഖഡ്സെ പറഞ്ഞു. മുംബൈയിൽ വേവ്സ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അവർ.

✪✪✪

സിനിമ, സംഗീതം, റേഡിയോ, VFX, ആനിമേഷൻ തുടങ്ങിയ മേഖലകളിൽ 800 കോടിയിലധികം രൂപയുടെ ഇടപാടുകൾ വേവ്സിൽ രേഖപ്പെടുത്തി. വരും ദിവസങ്ങളിൽ 1,000 കോടി രൂപ കവിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി മൂന്നര ലക്ഷം പദ്ധതികളാണ് കേരളത്തിൽ ആരംഭിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോഴിക്കോട് ബീച്ചിൽ നടക്കുന്ന കുടുംബശ്രീ ദേശീയ സരസ് മേളയുടെയും 'എന്റെ കേരളം' പ്രദർശന-വിപണനമേളയുടെയും ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

✪✪✪

ചേറ്റൂർ ശങ്കരൻ നായരുടെ പോരാട്ടങ്ങൾ മാതൃകയാണെന്നും പുതുതലമുറ അദ്ദേഹത്തെക്കുറിച്ച് കൂടുതൽ പഠിക്കണമെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. പാലക്കാട് മങ്കരയിലെ ചേറ്റൂരിന്റെ വസതി സന്ദർശിച്ചശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. കോൺഗ്രസിന്റെ ആദ്യ മലയാളി പ്രസിഡൻറ്, സ്വതന്ത്ര സമര സേനാനി എന്ന നിലകളിലെ അദ്ദേഹത്തിന്റെ പ്രവർത്തനത്തെ ആദരിക്കുന്നതിന്റെ ഭാഗമായാണ് സന്ദർശനമെന്നും ഗവർണർ പറഞ്ഞു.

✪✪✪

കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കാൻ കഴിയുമെന്ന ബോധ്യം കർഷകരിൽ ഉണ്ടാക്കണമെന്ന് മന്ത്രി K രാജൻ പറഞ്ഞു. മൂവാറ്റുപുഴ EEC മാർക്കറ്റിൽ 'മൂവാറ്റുപുഴ കാർഷികോത്സവം 2025' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

അഖിലേന്ത്യാ മെഡിക്കൽ പ്രവേശനത്തിന് ഈ വർഷത്തെ NEET-UG പ്രവേശന പരീക്ഷ ഇന്ന്. രാജ്യത്തെ അയ്യായിരത്തിലധികം കേന്ദ്രങ്ങളിലും വിദേശത്ത് 13 കേന്ദ്ര ളിലുമായി 23 ലക്ഷത്തോളം വിദ്യാർത്ഥികൾ പരീക്ഷ എഴുതും. ഉച്ചയ്ക്ക് രണ്ട് മുതൽ അഞ്ചു വരെയാണ് പരീക്ഷ. സുരക്ഷിതമായി പരീക്ഷ സംഘടിപ്പിക്കുന്നതിന് എല്ലാ തയ്യാറെടുപ്പുകളും ക്രമീകരണങ്ങളും നടത്തിയിട്ടുണ്ടെന്ന് ദേശീയ പരീക്ഷാ ഏജൻസി അറിയിച്ചു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗത്തിൽ പുക പടർന്നതിനെ തുടർന്ന് വിച്ഛേദിച്ച വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചു. ഇന്നലെ ആരോഗ്യ മന്ത്രിയുടെ സാന്നിധ്യത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ അവലോകന യോഗത്തിൽ എടുത്ത തീരുമാനപ്രകാരമാണിത്.

✪✪✪

വികസനം എന്നത് BJP യെ സംബന്ധിച്ചിടത്തോളം ദൗത്യവും ലക്ഷ്യവുമാണെന്ന് പാർട്ടി സംസ്ഥാന പ്രസിഡൻറ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. വികസിത കേരളം എറണാകുളം സിറ്റി ജില്ലാ കൺവൻഷൻ പൂണിത്തുറയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യുവാക്കൾക്ക് പ്രതീക്ഷ, തൊഴിൽ, നിക്ഷേപ സമാഹരണം എന്നിവ മുൻനിർത്തിയുള്ള വികസനം ആണ് പാർട്ടി വിഭാവനം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. പഹൽ ഗാമിൽ തീവ്രവാദികളുടെ വെടിയേറ്റു മരിച്ച ഇടപ്പള്ളി സ്വദേശി N രാമചന്ദ്രന്റെ വസതിയും രാജീവ് ചന്ദ്രശേഖർ സന്ദർശിച്ചു.

✪✪✪

ഏഷ്യയിലെ ഏറ്റവും നീളമേറിയ ഡ്രൈവ് ഇൻ ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിലെ ടൂറിസം വികസന പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനം നിർവഹിക്കും.

വിശദ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്)..........

✪✪✪

പ്രിയങ്ക ഗാന്ധി MP ഇന്ന് വയനാട് പാർലമെൻറ് മണ്ഡലത്തിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. വയനാട് വൈൽഡ് ലൈഫ് ഡിവിഷന് എം.പിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് ലഭ്യമാക്കിയ

ആംബുലൻസിന്റെ താക്കോൽ കൈമാറ്റ ചടങ്ങിൽ വൈകിട്ട് അവർ പങ്കെടുക്കും. പിന്നീട് നൂൽപുഴ കുടുംബാരോഗ്യ കേന്ദ്രത്തിലെ മൊബൈൽ ഡിസ്പെൻസറി വാഹനത്തിന്റെ താക്കോലും പ്രിയങ്ക ഗാന്ധി കൈമാറും.

✪✪✪

പത്തനംതിട്ടയിൽ പേവിഷബാധയ്ക്കെതിരായ വാക്സിനെടുത്ത 13-കാരി മരിച്ചത് പേവിഷ ബാധയെ തുടർന്നെന്ന് സ്ഥിരീകരണം. നാരങ്ങാനം സ്വദേശി ഏഴാം ക്ലാസുകാരി ഭാഗ്യലക്ഷ്മിയാണ് മരിച്ചത്. സംഭവത്തിൽ വേണ്ടിവന്നാൽ ആരോഗ്യവകുപ്പിനെതിരെ കോടതിയെ സമീപിക്കുമെന്ന് രക്ഷിതാക്കൾ അറിയിച്ചു. കഴിഞ്ഞ ഡിസംബർ 13 നാണ് കുട്ടിയെ അയൽവീട്ടിലെ നായ കടിച്ചത്.

✪✪✪

കലിഗ സൂപ്പർ കപ്പ് ഫുട്ബോളിൽ FC ഗോവക്ക് കിരീടം. ഭുവനേശ്വറിൽ ജംഷഡ്പൂർ FC-യെ എതിരില്ലാത്ത മൂന്ന് ഗോളിന് പരാജയപ്പെടുത്തിയാണ് ഗോവ രണ്ടാം തവണ സൂപ്പർകപ്പ് സ്വന്തമാക്കിയത്. നേരത്തെ 2019-ലാണ് ഗോവ കിരീടം നേടിയത്.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ഇന്ന് ബീഹാറിൽ തുടക്കമാവും. പട്നയിലെ പാടലീപുത്ര സ്പോർട്സ് കോംപ്ലക്സിൽ ഉദ്ഘാടന ചടങ്ങോടെ ഗെയിംസ് ഔദ്യോഗികമായി ആരംഭിക്കും. ബിഹാറിലെ അഞ്ച് നഗരങ്ങളിലും, ചില മത്സരങ്ങൾ ന്യൂഡൽഹിയിലുമായി നടത്തും. 5,000 ത്തോളം കായിക താരങ്ങൾ മത്സരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അമ്പെയ്ത്ത്, കബഡി, വോളിബോൾ മത്സരങ്ങൾ ഇന്ന് ആരംഭിക്കും.

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് ഉദ്ഘാടന ചടങ്ങിന്റെ തത്സമയ വിവരണം ആകാശവാണി പ്രക്ഷേപണം ചെയ്യും. ന്യൂസ് ഓൺ എയർ ആപ്പ്, പ്രസാർഭാരതി സ്പോർട്സ് യൂട്യൂബ് ചാനൽ, DTH എന്നിവയിൽ ലഭ്യമാണ്.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ഇന്ന് ബീഹാറിൽ തുടക്കമാവും. പട്നയിലെ പാടലീപുത്ര സ്പോർട്സ് കോംപ്ലക്സിൽ ഉദ്ഘാടന ചടങ്ങോടെ ഗെയിംസ് ഔദ്യോഗികമായി ആരംഭിക്കും.

ബിഹാറിലെ അഞ്ച് നഗരങ്ങളിലും, ചില മത്സരങ്ങൾ ന്യൂഡൽഹിയിലുമായി നടത്തും. 5,000 ത്തോളം കായിക താരങ്ങൾ മത്സരിക്കുമെന്നാണ്

പ്രതീക്ഷിക്കുന്നത്.അമ്പെയ്ത്ത്, കബഡി, വോളിബോൾ മത്സരങ്ങൾ ഇന്ന് ആരംഭിക്കും.

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് ഉദ്ഘാടന ചടങ്ങിന്റെ തത്സമയ വിവരണം ആകാശവാണി പ്രക്ഷേപണം ചെയ്യും. ന്യൂസ് ഓൺ എയർ ആപ്പ്, പ്രസാർഭാരതി സ്പോർട്സ് യൂട്യൂബ് ചാനൽ, DTH എന്നിവയിൽ ലഭ്യമാണ്.

✪✪✪

IPL ക്രിക്കറ്റിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ചെന്നൈ സൂപ്പർ കിംഗ്സിനെ തോൽപ്പിച്ചു. ബംഗളുരുവിൽ രണ്ട് റൺസിനാണ് അവരുടെ വിജയം.

ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് കൊൽക്കത്തയിൽ, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, രാജസ്ഥാൻ റോയൽസിനെ നേരിടും. മറ്റൊരു മത്സരത്തിൽ രാത്രി ഏഴരയ്ക്ക് ഹിമാചൽ പ്രദേശിൽ പഞ്ചാബ് കിംഗ്സ്, ലഖ്നൗ സൂപ്പർ ജയന്റ്സുമായി ഏറ്റുമുട്ടും.

✪✪✪

കണ്ണൂർ പ്രസ് ക്ലബ്ബ് സംഘടിപ്പിച്ച ആറാമത് സംസ്ഥാന ജേർണലിസ്റ്റ് വോളിബോൾ ടൂർണമെന്റിൽ കണ്ണൂർ പ്രസ് ക്ളബ്ബിന് വിജയം. ഒന്നിനെതിരെ മൂന്ന് സെറ്റുകൾക്ക് കോഴിക്കോടിനെയാണ് കണ്ണൂർ തോൽപ്പിച്ചത്.

പൊലീസും സിനിമാ താരങ്ങളും പങ്കെടുത്ത സൗഹൃദ മത്സരത്തിൽ പൊലീസ് വിജയിച്ചു.

✪✪✪

കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ലഹരിമുക്ത കാമ്പയിൻ കിക്ക് ഡ്രഗ്സ് പ്രചരണ സന്ദേശയാത്ര നാളെ കാസർകോഡ് നിന്ന് ആരംഭിക്കും. വിവിധ ജില്ലകളിലൂടെ സഞ്ചരിച്ച് ഈ മാസം 22ന് എറണാകുളം ജില്ലയിൽ സമാപിക്കും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*News Team: ഫസ്ന ഫാത്തിമ*
*DEO: ഷീബ*